# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2466** **09.12.2014- ൽ മറുപടിക്ക്**

## കോട്ടയം ടെക്സ്റ്റയിൽസിലെ പ്രതിസന്ധി

**ചോദ്യം**
**ശ്രീ.മോൻസ് ജോസഫ്**

**ഉത്തരം**
**ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

(എ) കോട്ടയം ടെക്സ്റ്റയിൽസിൽ ഇന്ന് നില നിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(എ) ടെക്സ്റ്റയിൽ മേഖലയിലെ വ്യാവസായിക മാന്ദ്യം ഇപ്പോഴും നിലനിൽക്കുകയാണ്. ഈ കാലയള വിൽ, കോട്ടയം ടെക്സ്റ്റയിൽസ് ഉൾപ്പെടെ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപറേഷന്റെ കീഴിലുള്ള നാലു മില്ലുകളും നഷ്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. തുടർച്ചയായ നഷ്ടം മൂലം പ്രവർത്തന മൂലധനത്തിൽ ശോഷണമുണ്ടാ കുകയും അക്കാരണത്താൽ അസംസ്കൃത വസ്തു ക്കൾ ആവശ്യാനുസരണം ശേഖരിക്കുന്നതിനും മറ്റു ബാദ്ധ്യതകൾ നിറവേറ്റുന്നതിനും സാധിക്കാതെ വന്നു. ഈ അവസ്ഥ തരണം ചെയ്യുന്നതിനായി കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷത്തിനുള്ളിൽ കോട്ടയം ടെക്സ്റ്റയിൽസിന് 815.29 ലക്ഷം രൂപ നൽകിയിരുന്നു. ഈ സാമ്പത്തിക വർഷം കോർ പ്പറേഷന്റെ കീഴിലുള്ള മില്ലുകളുടെ പ്രവർത്തന മൂലധനത്തിനായി 5 കോടി രൂപ അനുവദി ക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 1.55 കോടി രൂപ കോട്ടയം ടെക്സ്റ്റയിൽസിന് വേണ്ടി വകയിരുത്തിയിട്ടുള്ളതാണ്. ഈ തുക ലഭിച്ചാലുടൻ മില്ലിന്റെ പ്രവർത്തന മൂലധന ത്തിനായി വിനിയോഗിക്കുന്നതാണ്.

(ബി) കോട്ടയം ടെക്സ്റ്റയിൽസിൽ വൈവിദ്ധ്യവൽക്കരണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കോട്ടയം ടെക്സ്റ്റയിൽസിൽ സർക്കാർ അനുവദിച്ച 1.69 കോടി രൂപ കൊണ്ട് നിലവിലുള്ള മെഷീനറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്.

(സി) കോട്ടയം ടെക്സ്റ്റയിൽസിൽ ജീവനക്കാരുടെ ആനുകൂല്യങ്ങളും റിട്ടയർമെന്റ് ആനുകൂല്യങ്ങളും നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

(സി) കോട്ടയം ടെക്സ്റ്റയിൽസിൽ ജീവനക്കാരുടെ ആനുകൂല്യങ്ങളും റിട്ടയർമെന്റ് ആനുകൂല്യങ്ങളും നൽകുന്നതിന് സാമ്പത്തിക പ്രതിസന്ധി മൂലം താമസം വന്നിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും കോട്ടയം ടെക്സ്റ്റയിൽസിൽ നിന്നും 2011 നവംബർ മുതൽ റിട്ടയർ ചെയ്ത ജീവനക്കാരുടെ കുടിശ്ശികകൾ ഈ വർഷം കൊടുത്തു തീർക്കുവാൻ സാധിച്ചു. എന്നിരുന്നാലും, 2014 ജനുവരി മുതലുള്ള പ്രോവിഡൻഡ് ഫണ്ട്, ഇ.എസ്.ഐ, ഗ്രാറ്റുവിറ്റി തുടങ്ങിയവയിൽ ഒരു കോടിയോളം രൂപ കുടിശ്ശികയായി കൊടുക്കുവാനുണ്ട്.

സെക്ഷൻ ഓഫീസർ